10 (973) കേരളത്തെ ദത്തെടുക്കാനുള്ള ഏഷ്യൻ ബാങ്കിന്റെ പദ്ധതി

ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിലെ വികസനം ലക്ഷ്യമിട്ടുകൊണ്ട് കേരളത്തെ ദത്തെടുക്കാനുള്ള ഏഷ്യൻ ബാങ്കിന്റെ പദ്ധതിയെ സംബന്ധിച്ച വിശദ വിവരങ്ങൾ അറിയിക്കുമോ;

(ബി) ഈ ആവശ്യം മുൻനിറുത്തി ബാങ്ക് പ്രതിനിധി സംഘം സംസ്ഥാനത്ത് പഠനം നടത്തുകയുണ്ടായോ എന്ന് വിശദമാക്കുമോ;

(സി) എങ്കിൽ നടപ്പു സാമ്പത്തിക വർഷം ഏഷ്യൻ ബാങ്കിൽ നിന്ന് എന്തു തുക വായ്പയായി ലഭിക്കാനിടയുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബാങ്ക് പ്രതിനിധികളുമായി പ്രാഥമിക ചർച്ചകൾ മാത്രമേ കഴിഞ്ഞിട്ടുള്ളൂ. പദ്ധതിയെ സംബന്ധിച്ച വിശദമായ രൂപരേഖ ഉരുത്തിരിഞ്ഞിട്ടില്ല.

(ബി) 30.8.1998, 31.8.1998 തീയതികളിൽ ബാങ്കിന്റെ ഒരു പ്രതിനിധി സംഘം കേരളത്തിലുണ്ടായിരുന്നു. അവർ മന്ത്രിമാരുമായും ഉന്നത ഉദ്യോഗസ്ഥരുമായും വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. അതിനുശേഷം ബാങ്കിന്റെ മറ്റൊരു വിദഗ്ധസംഘം 10.5.1999 മുതൽ 15.5.1999 വരെ സംസ്ഥാനം സന്ദർശിച്ച് പ്ലാനിംഗ് ബോർഡ് ഉപാദ്ധ്യക്ഷൻ, ഉന്നത ഉദ്യോഗസ്ഥർ, എന്നിവരുമായി വിശദമായ ചർച്ചകൾ നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ബാങ്കുമായിട്ടുള്ള അന്തിമ ചർച്ചകൾക്കുശേഷമേ വ്യക്തമാക്കാനാവൂ.

11 (974) എ.ഡി.ബി യിൽ നിന്നും ലഭിക്കുന്ന വായ്പകൾ

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ നിന്നും കേരളത്തിലെ വികസന പ്രവർത്തനങ്ങൾക്കായി വായ്പ എടുക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ; എങ്കിൽ അതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(ബി) ഇവിടെ നിന്നും എടുക്കുന്ന വായ്പ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly